"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിതനായ വെറ്റിനറി സർജനെ ദിവസവേതനാടിസ്ഥാനത്തിൽ വീണ്ടും നിയമിച്ച നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(സാധാ) നം.1328/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/07/2021

പരാമർശം:- 1 കൊച്ചി നഗരസഭാ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.05.2020 ലെ 31-ാം നമ്പർ തീരുമാനം.

2 കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ 14.07.2020 ലെ ഐ.എസ്.ഒ/പിഡി9/36944/18 -ാം നമ്പർ ഉത്തരവ്.

3 നഗരകാര്യ ഡയറക്ടറുടെ 25/11/2020 തീയതിയിലെ ഇ5-12932/20 നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊച്ചി കോർപ്പറേഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിതനായ വെറ്റിനറി സർജൻ ശ്രീ .സുർജിത്.ജെ .കുമാറിനെ 05/04/2020- ന് ടി സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് സേവനത്തിൽ നിന്നും വിടുതൽ ചെയ്തെങ്കിലും COVID -19 മായി ബന്ധപ്പെട്ട ജാഗ്രതാ നിർദ്ദേശം നിലനിൽക്കുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് /പി.എസ്.സി മുഖാന്തരം നിയമനം നടക്കുവാൻ കാലതാമസം നേരിടുന്നതിനാൽ ടിയാനെ 89 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. ആയത് പ്രകാരം ശ്രീ.സുർജിത്. ജെ കുമാറിനെ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായ നിയമിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ വെറ്റിനറി സർജൻ തസ്തികയിൽ ശ്രീ .സുർജിത് .ജെ.കുമാറിനെ 89 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ച പരാമർശം (2) ലെ കൊച്ചി നഗരസഭാ സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
ശ്രീ.സുർജിത്. ജെ.കുമാർ, വെറ്റിനറി സർജൻ ( ഉത്തരവിന്റെ പകർപ്പ് നൽകുന്നതിന്).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ